## 22

## സഭ:

# അതിന്റെ അത്താഴം

**അതിനെ എന്തു വിളിച്ചിരിക്കുന്നു, എന്തുകൊണ്ട് ________________**

1. **എന്തുകൊണ്ട് അതിനെ അത്താഴം എന്നു വിളിച്ചിരിക്കുന്നു (1 കൊരി. 11:20, 23).**
2. **ആരുടെ അത്താഴം ആണ് അത് (1 കൊരി. 11:20)?**
3. **പൗലൊസ് അതിനെ എന്തു വിളിച്ചു (1 കൊരി. 10:21)?**
4. **എന്തുകൊണ്ടു അതിനെ "കൂട്ടായ്മ" എന്നു വിളിച്ചിരിക്കുന്നു (1 കൊരി. 10:16)?**
5. **ലൂക്കൊസ് അതിനെ എന്തു വിളിച്ചിരിക്കുന്നു (പ്രവൃത്തികൾ 20:7)?**
   a. എന്തുകൊണ്ടു അതിനെ "തിരുവത്താഴം" എന്നു വിളിച്ചില്ല (2 തിമൊ. 1:13)?
   b. എന്തുകൊണ്ടു അതിനെ "കൂദാശ" എന്നു വിളിച്ചില്ല (തിത്തൊ. 2:1, 7, 8)?

**എന്തുകൊണ്ടു അതു ഒരു ദൈവിക സ്ഥാപനം ആകുന്നു ________**

1. **ആരാണ് അതു സ്ഥാപിച്ചത് (മത്താ. 26:26-29)?**
2. **അതിനെ സംബന്ധിച്ചുള്ള ഉപദേശം പൗലൊസിനു ആരിൽ നിന്നു ലഭിച്ചു (1 കൊരി. 11:23)?**
3. **എവിടെയാണ് അതു ആചരിക്കേണ്ടത് (ലൂക്കൊ. 22:29, 30; 1 കൊരി. 11:18, 22)?**

**അതിന്റെ മൂലകങ്ങൾ ________________________________________**

1. **കർത്തൃമേശ സ്ഥാപിച്ചപ്പോൾ യേശു എന്താണ് വാഴ്ത്തിയത് (മത്താ. 26:26; മർക്കൊ. 14:22)?**
   a. അപ്പത്തെ "അനുഗ്രഹിച്ചു" കൊണ്ടു അവൻ എന്തു ചെയ്തു (ലൂക്കൊ. 22:19; 1 കൊരി. 11:23, 24)?
   b. ഏതു തരം അപ്പമായിരുന്നു അത് (1 കൊരി. 5:8)?
   c. അതിനെ പൗലൊസ് എന്തു വിളിച്ചു (1 കൊരി. 11:24)? അത്

എന്തിന്റെ അടയാളം ആയിരുന്നു?

**2. മറ്റൊരു മൂലകത്തെ യേശു എന്തു പേരിലാണ് വെച്ചിരിക്കുന്നത് (മത്താ. 26:27, 29)?**

a. "പാനപാത്രം," "മുന്തിരിവള്ളിയുടെ ഫലം" എന്തായിരുന്നു (മത്താ. 26:28)? അതു ആരുടെ "പാനപാത്രം" ആയിരുന്നു (1 കൊരി. 10:21)?

b. അതു, അതുകൊണ്ട്, എന്തിന്റെ അടയാളം ആയിരുന്നു (1 കൊരി. 11:25)?

(1) കത്തോലിക്കാ പുരോഹിതൻ അപ്പത്തെ വാഴ്ത്തി, എന്താണ് അവകാശപ്പെടുന്നത്?

(2) അവൻ പാനപാത്രം വാഴ്ത്തി, എന്താണ് പുരോഹിതന്റെ അവകാശം.

## എപ്പോഴാണ് അത് ആചരിക്കേണ്ടത് ______________________________

**1. പൗലൊസിന്റെ പൊതുവായ പ്രസ്ഥാവന നൽകുക (1 കൊരി. 11:26).**

**2. ആദ്യ സഭയുടെ നിരന്തരമായ പ്രമാണിക്കൽ എന്തായിരുന്നു (പ്രവൃത്തികൾ 2:42)?**

**3. ആദ്യ ശിഷ്യന്മാർ എപ്പോഴായിരുന്നു അപ്പം നുറുക്കുവാൻ കൂടി വന്നത് (പ്രവൃത്തികൾ 20:7)?**

**4. എബ്രായ ക്രിസ്ത്യാനികളെ *എങ്ങനെ*യായിരുന്നു പ്രബോധിപ്പിച്ചത് (എബ്രാ. 10:24, 25)?**

a. "ഓരോ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളിലും എന്നു പറയേണ്ട ആവശ്യം ഉണ്ടോ?" "ഓരോ ശബ്ബത്തും ആചരിക്ക" എന്നു ന്യായപ്രമാണം പറഞ്ഞിട്ടുണ്ടോ (പുറ. 20:8)?

b. എന്ത് ജ്ഞാപക സ്ഥാപനമാണ് സമയം പറയാതെ ആചരിക്കുവാൻ പറഞ്ഞത്?

c. മാസത്തിലൊരിക്കലോ, മൂന്നുമാസത്തിലൊരിക്കലോ, വർഷത്തിലൊരിക്കലോ ആചരിക്കുവാൻ ആധികാരികമായി എവിടെ പറഞ്ഞിരിക്കുന്നു?

## ആരാണ് പങ്കെടുക്കേണ്ടത് ____________________________________

**1. കർത്തൃമേശ സ്ഥാപിച്ചപ്പോൾ, അത് ആർ പങ്കെടുക്കുവാനാണ് പറഞ്ഞത് (മത്താ. 26:27)?**

**2. ആദ്യ സഭയിലെ എത്ര അംഗങ്ങൾ അതിൽ നിന്നു പങ്കെടുത്തു (പ്രവൃത്തികൾ 2:41, 42)?**

**3. ഓരോ വ്യക്തിയും ചെയ്യേണ്ടിയിരുന്നത് എന്ത് (1 കൊരി. 11:28)?**

**4. ഏക ശരീരത്തെ എത്ര പേർ പ്രതിനിധാനം ചെയ്തു (1 കൊരി.**

**10:17; 12:20)?**

a. “അടക്കപ്പെട്ട കൂട്ടായ്മ” യെ പറ്റി തിരുവെഴുത്തിൽ എവിടെ പറയുന്നു? “തുറന്ന കൂട്ടായ്മ” യെ പറ്റി തിരുവെഴുത്തിൽ എവിടെ പറയുന്നു?

b. കൂട്ടായ്മ എത്രത്തോളം “തുറക്കുകയും” “അടക്കുകയും” ചെയ്യണം (1 കൊരി. 10:17; 12:20)?

**എങ്ങനെ, എന്തുകൊണ്ട് അത് ആചരിക്കണം** ______________________

1. **അപ്പം കൊടുക്കുന്നതിനു മുൻപു, യേശു എന്തു ചെയ്തു (മത്താ. 26:26)? “അതു അനുഗ്രഹിക്കേണ്ടതിനു” അവൻ എന്തു ചെയ്തു (ലൂക്കൊ. 22:19)? അവൻ പാനപാത്രം ശിഷ്യന്മാർക്കു കൊടുക്കു ന്നതിനു മുൻപു, എന്തു ചെയ്തു (മത്താ. 26:27)?**
2. **ഓരോരുത്തരും തിന്നുകയും കുടിക്കുകയും ചെയ്യേണ്ടതു ആരുടെ ഓർമ്മക്കായിട്ടാണ് (1 കൊരി. 11:24, 25)?**
3. **അതിൽ പങ്കെടുക്കുന്ന ആൾ, ആരുമായിട്ടാണ് കൂട്ടായ്മ പങ്കിടുന്നത് (1 കൊരി. 10:16)?**
4. **ആ സ്ഥാപനം ആചരിക്കുന്നതു എന്തു പ്രഖ്യാപിച്ചുകൊണ്ടാ യിരിക്കണം (1 കൊരി. 11:26)?**
5. **കർത്താവിന്റെ അത്താഴത്തിൽ നിന്നു പങ്കെടുക്കുന്നതിനു മുൻപു ഓരോരുത്തൻ എന്തു ചെയ്യണം (1 കൊരി. 11:28)?**
6. **ഓരോരുത്തരും കർത്താവിനോടു എങ്ങനെ കൂട്ടായ്മ ആചരിക്കണം (1 കൊരി. 11:27)?**

   a. കർത്തൃമേശ ആചരിക്കേണ്ട വിശുദ്ധ സ്വഭാവം എന്ത്?

   b. കർത്തൃമേശയിൽ നിന്നു പങ്കിടുമ്പോൾ അതിനെ എങ്ങനെ കണ്ണുകൾ, കൈകൾ, വായ്, ശരീരം, ബുദ്ധി, മനസാക്ഷി എന്നിവ ഉൾപ്പെട്ടിരിക്കുന്നു?

© 2009 Truth for Today